# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3571** **15.03.2018-ൽ മറുപടിക്ക്**

**മൈലാട്ടിയിലെ കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ഭൂമി**

| ചോദ്യം<br>ശ്രീ.കെ.കുഞ്ഞിരാമൻ | ഉത്തരം<br>ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
|---|---|
| (എ) കാസർഗോഡ് ജില്ലയിലെ മൈലാട്ടിയിൽ കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന് എത്ര ഏക്കർ ഭൂമി കൈവശമുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) കാസർഗോഡ് ജില്ലയിലെ മൈലാട്ടിയിൽ കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന് 23.83 ഏക്കർ ഭൂമി കൈവശമുണ്ട്. |
| (ബി) ആയതിൽ ഉദുമ സ്പിന്നിങ്ങ് മിൽസിന് എത്ര ഏക്കർ ഭൂമി ഉപയോഗപ്പെടുത്തിയിട്ടുണ്ട്; | (ബി) ആയതിൽ ഉദുമ സ്പിന്നിങ്ങ് മിൽസിന് വേണ്ടി ഏകദേശം 10 ഏക്കർ ഭൂമി ഉപയോഗപ്പെടുത്തിയിട്ടുണ്ട്. |
| (സി) ഉപയോഗിക്കാതെ കിടക്കുന്ന എത്ര ഏക്കർ സ്ഥലം മൈലാട്ടിയിൽ കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കൈവശമുണ്ടെന്ന് വിശദമാക്കുമോ; | (സി) ഉദുമ സ്പിന്നിങ്ങ് മിൽസിന് വേണ്ടി ഉപയോഗപ്പെടുത്തിയ 10 ഏക്കർ ഭൂമി കൂടാതെ 13.83 ഏക്കർ സ്ഥലമാണ് മൈലാട്ടിയിൽ കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കൈവശമുള്ളത്. |
| (ഡി) എൻ.എച്ച് 66 നോട് ചേർന്ന് ഉപയോഗിക്കാതെ കിടക്കുന്ന ഈ ഭൂമിയിൽ പുതിയ വ്യവസായ സ്ഥാപനം തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ? | (ഡി) നിലവിലുള്ള പ്രോജക്ടിന്റെ വിപുലീകരണത്തിന് ഉപയോഗിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ